## അധ്യായം 77

## അൽ മുർസലാത്ത്‌ (അയക്കപ്പെട്ടവർ)

അവതരണം മക്കയിൽ, വചനങ്ങൾ 50

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

وَٱلۡمُرۡسَلَٰتِ عُرۡفٗا ﴿١﴾ فَٱلۡعَٰصِفَٰتِ عَصۡفٗا ﴿٢﴾ وَٱلنَّٰشِرَٰتِ نَشۡرٗا
﴿٣﴾ فَٱلۡفَٰرِقَٰتِ فَرۡقٗا ﴿٤﴾ فَٱلۡمُلۡقِيَٰتِ ذِكۡرًا ﴿٥﴾ عُذۡرًا أَوۡ
نُذۡرًا ﴿٦﴾ إِنَّمَا تُوعَدُونَ لَوَٰقِعٞ ﴿٧﴾ فَإِذَا ٱلنُّجُومُ طُمِسَتۡ ﴿٨﴾

1. തുടർച്ചയായി അയക്കപ്പെടുന്നവ (കാറ്റ്‌) തന്നെയാണ്‌ (സത്യം)
2. പിന്നെ കൊടുങ്കാറ്റായി അടിച്ചു വീശുന്നവയാണ്‌ (സത്യം)
3. (മേഘങ്ങളെ)പരത്തി വ്യാപിപ്പിക്കുന്നവയുമാണ്‌ (സത്യം)
4. എന്നിട്ട്‌ വേർതിരിച്ചു വിവേചനം ചെയ്യുന്നവയാണ്‌ (സത്യം)
5. അങ്ങനെ (ദിവ്യ)സന്ദേശം (ഹൃദയങ്ങളിൽ)ഇട്ടുകൊടുക്കുന്നവയാണ്‌ (സത്യം)
6. ഒഴികഴിവായോ, അല്ലെങ്കിൽ മുന്നറിയിപ്പായോ.
7. നിശ്ചയമായും നിങ്ങളോട്‌ വാഗ്ദത്തം ചെയ്യപ്പെടുന്നത്‌ സംഭവിക്കുന്നതു തന്നെയാകുന്നു.
8. എന്നാൽ നക്ഷത്രങ്ങൾ (വെളിച്ചം) തുടച്ചു മായിക്കപ്പെട്ടാൽ

وَإِذَا ٱلسَّمَآءُ فُرِجَتۡ ﴿٩﴾ وَإِذَا ٱلۡجِبَالُ نُسِفَتۡ ﴿١٠﴾ وَإِذَا ٱلرُّسُلُ أُقِّتَتۡ ﴿١١﴾
لِأَيِّ يَوۡمٍ أُجِّلَتۡ ﴿١٢﴾ لِيَوۡمِ ٱلۡفَصۡلِ ﴿١٣﴾ وَمَآ أَدۡرَىٰكَ مَا يَوۡمُ ٱلۡفَصۡلِ ﴿١٤﴾
وَيۡلٞ يَوۡمَئِذٖ لِّلۡمُكَذِّبِينَ ﴿١٥﴾

9. ആകാശം പിളർത്തപ്പെടുകയും ചെയ്താൽ
10. മലകൾ പൊടിക്കപ്പെടുകയും ചെയ്താൽ
11. ദൂതന്മാർക്ക്‌ സമയം നിർണയിക്കപ്പെടുകയും ചെയ്താൽ
12. ഏതൊരു ദിവസത്തേക്കാണ്‌ അവർക്ക്‌ അവധി നിശ്ചയിക്കപ്പെട്ടിരിക്കുന്നത്‌.
13. (അതെ) വിധി തീർപ്പിൻെറ ദിവസത്തേക്ക്‌.
14. വിധി തീർപ്പിൻെറ ദിവസം എന്നാലെന്താണെന്ന്‌ നിനക്കെന്തറിയാം?
15. അന്നത്തെ ദിവസം കളവാക്കുന്നവർക്കായിരിക്കും (മഹാ)നാശം.

أَلَمْ نُهْلِكِ ٱلْأَوَّلِينَ ﴿١٦﴾ ثُمَّ نُتْبِعُهُمُ ٱلْآخِرِينَ ﴿١٧﴾ كَذَٰلِكَ نَفْعَلُ
بِٱلْمُجْرِمِينَ ﴿١٨﴾ وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿١٩﴾ أَلَمْ نَخْلُقكُّم مِّن مَّآءٍ
مَّهِينٍ ﴿٢٠﴾ فَجَعَلْنَٰهُ فِى قَرَارٍ مَّكِينٍ ﴿٢١﴾ إِلَىٰ قَدَرٍ مَّعْلُومٍ ﴿٢٢﴾ فَقَدَرْنَا
فَنِعْمَ ٱلْقَٰدِرُونَ ﴿٢٣﴾ وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٢٤﴾

16. പൂർവികന്മാരെ നാം നശിപ്പിച്ചു കളഞ്ഞില്ലേ?
17. പിന്നെ,പിൻഗാമികളെയും നാം അവരുടെ പിന്നാലെ അയക്കുന്നതാണ്
18. അപ്രകാരമാണ് കുറ്റവാളികളോട് നാം പ്രവർത്തിക്കുന്നത്.
19. അന്നത്തെ ദിവസം കളവാക്കുന്നവർക്കായിരിക്കും (മഹാ)നാശം.
20. നിസ്സാരമായ ഒരു ജലത്തിൽനിന്ന് നാം നിങ്ങളെ സൃഷ്ടിച്ചില്ലേ?
21. എന്നിട്ട് നാമതിനെ ഭദ്രമായ ഒരിടത്തു സൂക്ഷിച്ചു.
22. നിശ്ചിതമായ ഒരു(കാല) അളവുവരെ.
23. അങ്ങനെ,നാം എല്ലാം കൃത്യമായി നിർണയിച്ചു. അപ്പോൾ നാം എത്ര നല്ല നിർണയക്കാരൻ.
24. അന്നത്തെ ദിവസം കളവാക്കുന്നവർക്കായിരിക്കും (മഹാ) നാശം.

أَلَمْ نَجْعَلِ ٱلْأَرْضَ كِفَاتًا ﴿٢٥﴾ أَحْيَآءً وَأَمْوَٰتًا ﴿٢٦﴾ وَجَعَلْنَا فِيهَا رَوَٰسِىَ
شَٰمِخَٰتٍ وَأَسْقَيْنَٰكُم مَّآءً فُرَاتًا ﴿٢٧﴾ وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ
﴿٢٨﴾ ٱنطَلِقُوٓا۟ إِلَىٰ مَا كُنتُم بِهِۦ تُكَذِّبُونَ ﴿٢٩﴾

25. ഭൂമിയെ നാം എല്ലാവരെയും ഉൾക്കൊള്ളുന്നതാക്കിയില്ലേ?
26. ജീവിച്ചിരിക്കുന്നവരെയും മരണപ്പെട്ടവരെയും?
27. ഉന്നതങ്ങളായി ഉറച്ചുനിൽക്കുന്ന പർവ്വതങ്ങളെ നാം അതിൽ ഉണ്ടാക്കുകയും, സ്വച്ഛമായ ജലം നിങ്ങൾക്കു നാം കുടിക്കുവാൻ തരികയും ചെയ്തില്ലേ?
28. അന്നത്തെ ദിവസം (മഹാ) നാശം കളവാക്കുന്നവർക്കായിരിക്കും.
29. (ഹേ കളവാക്കുന്നവരേ) നിങ്ങൾ ഏതൊന്നിനെ കളവാക്കിയിരുന്നുവോ അതിലേക്കു നിങ്ങൾ പോയിക്കൊള്ളുവിൻ

ٱنطَلِقُوٓاْ إِلَىٰ ظِلّٖ ذِي ثَلَٰثِ شُعَبٖ ﴿٣٠﴾ لَّا ظَلِيلٖ وَلَا يُغۡنِي مِنَ ٱللَّهَبِ ﴿٣١﴾
إِنَّهَا تَرۡمِي بِشَرَرٖ كَٱلۡقَصۡرِ ﴿٣٢﴾ كَأَنَّهُۥ جِمَٰلَتٞ صُفۡرٞ ﴿٣٣﴾ وَيۡلٞ يَوۡمَئِذٖ
لِّلۡمُكَذِّبِينَ ﴿٣٤﴾ هَٰذَا يَوۡمُ لَا يَنطِقُونَ ﴿٣٥﴾ وَلَا يُؤۡذَنُ لَهُمۡ فَيَعۡتَذِرُونَ
﴿٣٦﴾ وَيۡلٞ يَوۡمَئِذٖ لِّلۡمُكَذِّبِينَ ﴿٣٧﴾

30. മൂന്ന് ശാഖകളുള്ള തണലിലേക്ക് പോയിക്കൊള്ളുവിൻ.

31. അത് തണൽ നൽകുന്നതല്ല. തീജ്വാലയിൽനിന്ന് രക്ഷ നൽകുന്നതുമല്ല.

32. നിശ്ചയമായും അത്, (നരകം)വൻ കെട്ടിടം പോലെയുള്ള തീപ്പൊരികൾ തെറിപ്പിച്ചുകൊണ്ടിരിക്കും.

33. തീർച്ചയായും അത് (തീപ്പൊരി) മഞ്ഞവർണമായ ഒട്ടകക്കൂട്ടമെന്നോണമായിരിക്കും.

34. അന്നത്തെ ദിവസം (മഹാ) നാശം വ്യാജമാക്കുന്നവർക്കായിരിക്കും.

35. അവർ മിണ്ടാത്ത ദിവസമാണിത്.

36. ഒരു ന്യായവും പറയാൻ അവർക്കനുവാദം നൽകുന്നതല്ല.

37. അന്നത്തെ ദിവസം (മഹാ) നാശം വ്യാജമാക്കുന്നവർക്കാകുന്നു.

هَٰذَا يَوۡمُ ٱلۡفَصۡلِۖ جَمَعۡنَٰكُمۡ وَٱلۡأَوَّلِينَ ﴿٣٨﴾ فَإِن كَانَ لَكُمۡ كَيۡدٞ فَكِيدُونِ
﴿٣٩﴾ وَيۡلٞ يَوۡمَئِذٖ لِّلۡمُكَذِّبِينَ ﴿٤٠﴾ إِنَّ ٱلۡمُتَّقِينَ فِي ظِلَٰلٖ وَعُيُونٖ ﴿٤١﴾
وَفَوَٰكِهَ مِمَّا يَشۡتَهُونَ ﴿٤٢﴾ كُلُواْ وَٱشۡرَبُواْ هَنِيٓـَٔۢا بِمَا كُنتُمۡ تَعۡمَلُونَ ﴿٤٣﴾
إِنَّا كَذَٰلِكَ نَجۡزِي ٱلۡمُحۡسِنِينَ ﴿٤٤﴾ وَيۡلٞ يَوۡمَئِذٖ لِّلۡمُكَذِّبِينَ ﴿٤٥﴾

38. വിധി തീർപ്പിന്റെ ദിനമാണിത്. നിങ്ങളെയും പൂർവികന്മാരെയും നാം ഒരുമിച്ചു കൂട്ടിയിരിക്കുന്നു.

39. നിങ്ങൾക്ക് വല്ല തന്ത്രവും നടത്താമെങ്കിൽ നിങ്ങൾ നടത്തി നോക്കുവിൻ.

40. അന്നത്തെ ദിവസം (മഹാ) നാശം വ്യാജമാക്കുന്നവർക്കാകുന്നു.

41. നിശ്ചമായും സൂക്ഷ്മതയുള്ളവർ (സ്വർഗത്തിൽ) തണലുകളിലും ഉറവിടങ്ങളിലുമായിരിക്കും.

42. അവർ ഇച്ഛിക്കുന്ന തരത്തിലുള്ള പഴവർഗങ്ങൾക്കിടയിലുമായിരിക്കും.

43. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ പ്രതിഫലമായി,നിങ്ങൾ സംതൃപ്തിയോടെ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുവിൻ.

44. നിശ്ചയമായും, അപ്രകാരമത്രെ സുകൃതവന്മാർക്ക് നാം പ്രതിഫലം നൽകുന്നത്.

45. അന്നത്തെ ദിവസം (മഹാ) നാശം വ്യാജമാക്കുന്നവർക്കായിരിക്കും.

كُلُوا۟ وَتَمَتَّعُوا۟ قَلِيلًا إِنَّكُم مُّجْرِمُونَ ﴿٤٦﴾ وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٤٧﴾
وَإِذَا قِيلَ لَهُمُ ٱرْكَعُوا۟ لَا يَرْكَعُونَ ﴿٤٨﴾ وَيْلٌ يَوْمَئِذٍ لِّلْمُكَذِّبِينَ ﴿٤٩﴾
فَبِأَىِّ حَدِيثٍۭ بَعْدَهُۥ يُؤْمِنُونَ ﴿٥٠﴾

46. (അവരോട്‌ പറയും:) നിങ്ങള്‍ അല്‍പം (കാലം) തിന്നുകയും സുഖമനുഭവിക്കുകയും ചെയ്തുകൊള്ളുക. നിശ്ചയമായും നിങ്ങള്‍ കുറ്റവാളികളത്രെ.

47. അന്നത്തെ ദിവസം (മഹാ) നാശം വ്യാജമാക്കുന്നവര്‍ക്കായിരിക്കും.

48. അവരോട്‌ (അല്ലാഹുവിന്‍റെ മുമ്പില്‍) കുമ്പിടുവിന്‍ എന്ന്‌ പറയപ്പെട്ടുമ്പോള്‍ അവര്‍ കുമ്പിടുകയില്ല.

49. അന്നത്തെ ദിവസം (മഹാ) നാശം വ്യാജമാക്കുന്നവര്‍ക്കായിരിക്കും.

50. ഇതിനു (ഖുര്‍ആനിനു) ശേഷം ഏത്‌ വര്‍ത്തമാനത്തിലാണ്‌ അവര്‍ വിശ്വസിക്കുന്നത്‌?